# കേരള സർവകലാശാല

നം.പി.ആർ.209/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി സർട്ടിഫിക്കറ്റ് ഇൻ അഡോളസന്റ് & പ്രീ-മാരിറ്റൽ കൗൺസലിംഗ് : സീറ്റൊഴിവ് : തിരുത്ത്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ അഡോളസന്റ് ആൻഡ് പ്രീ-മാരിറ്റൽ കൗൺസലിംഗ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട് എന്ന് 02.11.2016-ൽ പ്രസിദ്ധീകരിച്ച പത്രക്കുറിപ്പിൽ പി.ജി ഡിപ്ലോമ എന്നതിനുപകരം പി.ജി സർട്ടിഫിക്കറ്റ് എന്ന് തിരുത്തിവായിക്കേണ്ടതാണ്.

യോഗ്യത : ബിരുദം ജയം. ഫീസ് 7500/- രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസുകൾ : ശനി, ഞായർ ദിവസങ്ങളിൽ. നവംബർ അഞ്ചിന് ക്ലാസുകൾ തുടങ്ങും. താൽപര്യമുള്ളവർ സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ. 0471-2302523.

### ആദായ നികുതി സ്റ്റേറ്റ്മെന്റും അനുബന്ധ രേഖകളും സമർപ്പിക്കണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ 2016-17 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നുണ്ടെങ്കിൽ 2016 നവംബർ 21-നകം നിർബന്ധമായും നിർദ്ദിഷ്ട ഫോർമാറ്റിൽ ആദായ നികുതി സ്റ്റേറ്റ്മെന്റും അനുബന്ധ രേഖകളും (ഇതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ) പെൻഷൻ സെക്ഷനിൽ സമർപ്പിക്കണം. സ്റ്റേറ്റ്മെന്റിന്റെ മാതൃകയും വിവരങ്ങളും സർവകലാശാല ഫിനാൻസ് വെബ്സൈറ്റിൽ (www.kufinance.info) ലഭിക്കും.

### പുസ്തക പ്രദർശനം

2016-ലെ മാതൃഭൂമി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം എന്നിവ നേടിയ പ്രസിദ്ധ സാഹിത്യകാരൻ ശ്രീ. സി രാധാകൃഷ്ണന്റെ കൃതികളുടെ പ്രദർശനം നവംബർ ഏഴ് മുതൽ നവംബർ 12 വരെ കേരള സർവകലാശാല ലൈബ്രറിയിൽ നടത്തുന്നു. ചെറുകഥകൾ, നോവലുകൾ, ശാസ്ത്രകൃതികൾ, അഭിമുഖങ്ങൾ, പത്ര-ആനുകാലികങ്ങളിലെ ലേഖനങ്ങൾ എന്നിവ ഈ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ലൈബ്രറി അംഗങ്ങൾ അല്ലാത്തവർക്കും പ്രദർശനം കാണാൻ സൗകര്യമുണ്ടായിരിക്കും.

### ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരീക്ഷാഫലം

കേരള സർവകലാശാല മേയിൽ നടത്തിയ അവസാന വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ത്രീമെയിൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### ബി.എ/ ബി.കോം/ ബി.ബി.എ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ/ ബി.കോം/ ബി.ബി.എ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ നവംബർ ഏഴ് മുതൽ 14 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച്

മണിവരെയുള്ള സമയങ്ങളിൽ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകണം.

## ബി.ഫാം പരീക്ഷാഫീസ്

കേരള സർവകലാശാല നവംബർ 25-ന് തുടങ്ങുന്ന അവസാന വർഷ ബി.ഫാം (2003 അഡ്മിഷൻ & 2004 അഡ്മിഷനുള്ളവർ) പരീക്ഷയ്ക്ക് പരീക്ഷാഫീസിനു പുറമെ 2000/- രൂപ അടച്ചും 2005 മുതൽ 2007 വരെ അഡ്മിഷനിലെ വിദ്യാർത്ഥികൾ പരീക്ഷാഫീസ് അടച്ചും ഈ പരീക്ഷ എഴുതാം.

## ഡിഗ്രി ടൈംടേബിൾ

കേരള സർവകലാശാല നവംബറിൽ നടത്തുന്ന കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എ/ ബി.എസ്സി/ ബി.കോം/ ബി.ബി.എ/ ബി.പി.എ/ ബി.സി.എ (2013 അഡ്മിഷന് മുമ്പ്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
05.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ